(സി) കേരള സർക്കാരിന്റെ 7, 8 ശമ്പള പരിഷ്കരണം എൽ.ബി.എസ്-ൽ നടപ്പിലാക്കിയപ്പോൾ എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് നടപ്പിലാക്കിയ ശമ്പള സ്കെയിൽ നൽകിയിട്ടുള്ളതായി എൽ.ബി.എസ്. ഡയറക്ടർ അറിയിച്ചിട്ടുണ്ട്. എൽ.ബി.എസ്-ലെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള അടിസ്ഥാന ശമ്പളം സർക്കാർ വകുപ്പുകൾക്ക് സമാനമാണ്.

(ഡി) എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്കുവേണ്ടി പ്രത്യേകം സ്പെഷ്യൽ റൂൾസ് തയ്യാറാക്കി നടപ്പിൽ വരുത്തിയിട്ടില്ല. എന്നാൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാർക്കുള്ള സ്പെഷ്യൽ റൂൾസ് ആണ് നിലവിൽ നടപ്പിലാക്കി വരുന്നത്.

**കൊരട്ടി ഗവണ്മെന്റ് പോളിടെക്നിക് കോളേജ് വികസനം**

**100 (5175)** ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊരട്ടി ഗവ. പോളിടെക്നിക് കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം കോഴ്സുകൾക്കാണ് അനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കോളേജിൽ ഈവനിംഗ് കോഴ്സുകൾ അനുവദിച്ച സാഹചര്യത്തിൽ അദ്ധ്യാപകർക്കും ജീവനക്കാർക്കുമുള്ള ക്വാർട്ടേഴ്സ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) AICTE-യുടെ നിബന്ധന അനുസരിച്ച് NBA അക്രഡിറ്റേഷനുള്ള സ്ഥാപനങ്ങൾക്ക് മാത്രമേ പുതിയ കോഴ്സുകൾക്ക് അപേക്ഷ സമർപ്പിക്കാനാവൂ. കൊരട്ടി ഗവണ്മെന്റ് പോളിടെക്നിക് കോളേജിന് NBA അക്രഡിറ്റേഷൻ ഇല്ലാത്തതിനാൽ AICTE ക്ക് അപേക്ഷ സമർപ്പിക്കാൻ സാധിച്ചിട്ടില്ല.

(സി) സ്റ്റാഫ് ക്വാർട്ടേഴ്സ് പണിയുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly